ശ്രീ. ഈ. പി. ഗോപാലൻ ; അണക്കെട്ടിനെ സംബന്ധിച്ചിടത്തോളം ക്യാച്ച്മെൻറ് ഏരിയാക്കു 10 ചെയിൻ എന്നാണോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു ?

ശ്രീ. ഈ. പി. പൗലോസ് : ക്യാച്ച്മെൻറ് ഏരിയ എന്നുള്ള അടിസ്ഥാനത്തിലല്ല 10 ചെയിൻ നിശ്ചയിച്ചിട്ടുള്ളതു. മലമ്പുഴ അണക്കെട്ടിൻെറ കാര്യം വിദഗ്ദ്ധന്മാരുമായി ആലോചിച്ചു 5 ചെയിൻ മുമ്പുണ്ടായിരുന്നതു പോരാ 10 ചെയിൻ വേണമെന്നു തീരുമാനിച്ചു. വാട്ടർ ലവലിൽ നിന്നും മുകളിലേക്കു 10 ചെയിൻവീട്ടു എന്നാണു തീരുമാനിച്ചിട്ടുള്ളതു.

ശ്രീ. പി. ബാലചന്ദ്രമേനോൻ ; റബ്ബർ മരങ്ങളുടെ ചുവടു് പല പ്രാവശ്യം ഇളക്കണമെന്നുള്ളതുകൊണ്ടു് അവിടെ കൃഷിക്കു ദോഷമുണ്ടാകുന്നുണ്ടെന്നു മനസ്സിലാക്കി അവിടെ റബ്ബർ വയ്ക്കാതിരിക്കാൻ വല്ല നടപടിയും എടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : നേരെമറിച്ചാണു്. ഇതു് ശരിയായി കൃഷിചെയ്യുകയാണെങ്കിൽ റബ്ബർ കൃഷി ചെയ്യുന്ന സ്ഥലത്തു് റിസ്കു് വളരെ കുറവാണെന്നാണു് പലരും പറയുന്നതു്.

നാഷണൽ മലേറിയാ ഇറാഡിക്കേഷൻ പ്രോഗ്രാമിൻെറ പ്രവർത്തനം

* 635. [22] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷനൽ മലേറിയ ഇറാഡിക്കേഷൻ പ്രോഗ്രാമിൻെറ ഊർജ്ജിത പ്രവർത്തനം ഈ വർഷാവസാനത്തോടുകൂടി നിർത്തിവയ്ക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി നടപ്പിലാക്കാനായി നിയമിച്ച സക്കാർ ജീവനക്കാരെ പിരിച്ചുവിടുമോ ;

(സി) പിരിച്ചുവിടുന്നുവെങ്കിൽ എത്രപേർക്കാണു് ജോലി നഷ്ടപ്പെടുക ;

(ഡി) പിരിയേണ്ടിവരുന്ന ജീവനക്കാർക്കു് മറെറന്തെങ്കിലും ജോലി കൊടുക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ ;

(ഈ) ഈ പദ്ധതിപ്രകാരം പണിയെടുക്കുന്ന ജീവനക്കാരിൽനിന്നു എന്തെങ്കിലും നിവേദനം ഗവണ്മെൻറിലേക്കു ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവരുന്നയിക്കുന്ന ആവശ്യങ്ങൾ എന്തു് ; അതിന്മേൽ ഗവണ്മെൻറ് എടുത്ത നടപടികൾ ഏവ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ)

(എ) സ്റ്റേറിലാകെയുള്ള പതിനാലര മലേറിയാ യൂണിറുകളിൽ പതിമൂന്നര യൂണിറുകളിലെ ഊർജ്ജിതപ്രവർത്തനം ഈ മാർച്ചു് 31-ാം തീയതിയോടുകൂടി അവസാനിക്കുന്നതാണു്.

(ബി) കഴിവുള്ളിടത്തോളം ഹെൽത്തു് സർവ്വീസസ് ഡിപ്പാർട്ടുമെൻറിൽതന്നെ ഉണ്ടാകുന്ന ഒഴിവുകളിലും മറു ഡിപ്പാർട്ടുമെൻറുകളിലുണ്ടാവുന്ന ഒഴിവുകളിലും അവരെ നിയമിക്കാനാവുമോ എന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുകയാണു്.

(സി) ഇപ്പോഴും കൃത്യമായി പറയാൻ നിവൃത്തിയില്ല.

(ഡി) ഈ കാര്യം പരിഗണനയിലിരിക്കുകയാണു്.

(ഈ) കണ്ടിജൻസി വിഭാഗത്തിൽപ്പെട്ട മലേറിയാ വർക്കേഴ്സിൽ നിന്നും പല നിവേദനങ്ങളും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രധാനമായും താഴെ പറയുന്ന കാര്യങ്ങളാണു്.

(1) ഡിപ്പാർട്ടുമെൻറിലുണ്ടാകാവുന്ന ഒഴിവുകളിൽ അവരെ നിയമിക്കുക.

(2) വയഃക്രിപ്പയിൽനിന്നും ഒഴിവാക്കുക.

(3) ആവശ്യമായ പരിശീലനം നൽകി ഡിപ്പാർട്ടുമെൻറു മുഖേന നിയമിക്കുക. നിവേദനം ഗവണ്മെൻറിൻെറ പരിഗണനയിലാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: രണ്ടായിരത്തോളം വരുന്ന മലേറിയ ജീവനക്കാരെ പിരിച്ചുവിട്ടു് പട്ടിണിയിലേക്കു് തള്ളിവിടാതെ മറു ജോലി നൽകാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതൊരു പ്രത്യേക പ്ലാൻസ്കീമാണു് ആ പ്ലാൻ സ്കീമിൻെറ കാലാവധി കഴിഞ്ഞാൽപിന്നെ അതു തുടർന്നുകൊണ്ടു പോകാൻ കഴിയുകയില്ല. ഇവർക്കു് വേറെ എന്തെങ്കിലും ജോലി കൊടുക്കാൻ സാദ്ധ്യമാവുമോ എന്ന കാര്യത്തെപ്പറ്റി ഗവണ്മെൻറു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീമതി എ. നഫീസത്തു ബീവി : ഈ സർവൈലൻസു് സ്റ്റാഫിനെ പിരിച്ചുവിടരുതെന്നു പറഞ്ഞു് 2-8-1962-ൽ ഒരു മെമ്മോറാണ്ടം കൊടുത്തതിനു മറുപടിയായി 30-10-1962-ൽ ഇങ്ങനെ പിരിച്ചുവിടുന്നതിനു മുമ്പായിതന്നെ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരെ മറു ഡിപ്പാർട്ടുമെൻറിൽ അബ്സോർബു് ചെയ്യാമെന്നു പറഞ്ഞു് ഉറപ്പു കൊടുത്തു് മറുപടി കൊടുത്തതായി ഓർക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതനുസരിച്ചുവേണ്ട നടപടികളും സ്വീകരിക്കുന്നതിനു ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരെ മറു ഡിപ്പാർട്ടുമെൻറുകളിൽ അബ്സോർബു് ചെയ്യുകൊള്ളാമെന്നു ഉറപ്പുകൊടുക്കാൻനിവൃത്തിയില്ല. എന്തെങ്കിലും തരത്തിൽ അവർക്കു് എന്തെങ്കിലും ജോലി കൊടുക്കാൻ സാധിക്കുമോയെന്നു് ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: ആലോചന പൂർത്തിയാകുന്നതുവരെ പിരിച്ചുവിടാൻ കൊടുത്ത കൽപ്പന സ്റ്റേ ചെയ്യാൻ വല്ല നടപടിയും എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ ; അങ്ങനെ സ്റ്റേ ചെയ്യാൻ സാദ്ധ്യമല്ല. പ്ലാൻ സ്കീമനുസരിച്ചു് വർക്കു് കംപ്ലീറ്റു ചെയ്തിരിക്കുകയാണു്, വർക്കു കംപ്ലീറ്റു ചെയ്തിരിക്കുന്നതുകൊണ്ടു് ഇനി എന്തു സ്റ്റേ കൊടുക്കാനാണു്.

WRITTEN ANSWERS

ആയുർവ്വേദ ഡിസ്പെൻസറികൾ

* 696. [26] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) 1962-63, 1963-64 എന്നീ വർഷങ്ങളിൽ എത്ര ആയുർവ്വേദിക്കു് ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്താനാണു് തീരുമാനിച്ചിരുന്നതു്;

(ബി) എത്രയെണ്ണം ഉയർത്തി;

(സി) കോഴിക്കോടു് ഡിസ്ട്രിക്റ്റിൽ ഏറനാടു താലൂക്കിലുള്ള വെള്ളമാംബരം സിസ്പെൻസറി ആശുപത്രിയായി ഉയർത്താതിരിക്കുവാൻ വല്ല കാരണവുമുണ്ടോ;

(ഡി) ടി ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാൻ വേണ്ട നടപടികൾ എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly